**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.936** | **09.08.2017-ൽ മറുപടിക്ക്**

**ഗാർഹിക തൊഴിലാളികളുടെ കുറഞ്ഞ കൂലി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഗാർഹിക തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയാണ്; ഇതു സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഗാർഹിക തൊഴിലാളികളുടെ കുറഞ്ഞ വേതനം 9,379/- രൂപയാണ്. മിനിമം വേതനം 2017 ജനുവരി 10 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഏതൊക്കെ തൊഴിലുകളെയാണ് ഗാർഹിക തൊഴിൽ എന്നത് കൊണ്ട് വിവക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) 24.12.2016-ലെ സ.ഉ(അച്ചടി) നമ്പർ. 202/2016/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം.<br>1.തുണി അലക്കൽ<br>2.പാത്രം കഴുകൽ<br>3.വീട് തൂത്തുവാരുക, അടിച്ച് വൃത്തിയാക്കുക, പരിസരം തൂക്കുക, നിലം തുടയ്ക്കുക, വീടും പരിസരവും വൃത്തിയാക്കുക.<br>4.ഭക്ഷണത്തിനുള്ള പലവ്യഞ്ജനങ്ങളും പച്ചക്കറികളും പാത്രങ്ങളും ഉപകരണങ്ങളും മറ്റും വാങ്ങിക്കൊണ്ടുവരിക.<br>5. ഭക്ഷണം പാകം ചെയ്യുന്നതിന് സഹായിക്കുക<br>6. കുട്ടികളെ പരിപാലിക്കുക, വിദ്യാലയത്തിൽ കൊണ്ടുപോകുകയും തിരികെ കൊണ്ടുവരികയും ചെയ്യുക.<br>7.പ്രായം ചെന്നവരെയും രോഗികളെയും ഭിന്നശേഷിയുള്ളവരെയും പരിപാലിക്കുക.<br>8. ഭക്ഷണം പാകം ചെയ്യുക<br>9. വ്യക്തിയുടെയോ കുടുംബത്തിന്റേയോ താമസവുമായി ബന്ധപ്പെട്ട് വീട്ടിലും പരിസരത്തും മറ്റു ജോലികൾ ചെയ്യുക.<br>10. വാഹന ഡ്രൈവർ, ഗാർഡനർ, ഹോംനഴ്സ്, സെക്യൂരിറ്റി, വാർഡൻ, തോട്ടപ്പണിക്കാർ. |

| | | | |
|---|---|---|---|
| (സി) | പ്രഖ്യാപിച്ച കൂലി തൊഴിലാഴികൾക്ക് കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം? | (സി) | ഉണ്ട്. സംസ്ഥാനത്ത് 101 അസിസ്റ്റൻറ് ലേബർ ഓഫീസർമാരെയും കൂടാതെ എൻഫോഴ്സ്മെൻറ് ജില്ലാ ലേബർ ഓഫീസർമാരെയും 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഇൻസ്പെക്ടർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇവർ മിനിമം കൂലി ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും സ്ഥാപനങ്ങളിലും മറ്റ് തൊഴിലിടങ്ങളിലും പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെൻറ്) മാരുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. ഇതുമൂലം നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

©

കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 ജനുവരി 10<br>10th January 2017<br>1192 ധനു 26<br>26th Dhanu 1192<br>1938 പൌഷം 20<br>20th Pousha 1938 | നമ്പർ<br>No. 51 |

## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 202/2016/തൊഴിൽ.

*തിരുവനന്തപുരം, 2016 ഡിസംബർ 29*
*1192 ധനു 14.*

**എസ്. ആർ. ഒ. നമ്പർ 20/2017.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2010 മാർച്ച് 9-ാം തീയതിയിലെ സ.ഉ. (എംഎസ്.) 32/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 മാർച്ച് 11-ാം തീയതിയിലെ 576-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ, എസ്. ആർ. ഒ. നമ്പർ 252/2010 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/92/2017/S-12

ആവശ്യപ്പെടുന്ന പ്രകാരം, 2015 ജൂലൈ 30-ാം തീയതിയിലെ 11885/ഇ1/2014/ തൊഴിൽ നമ്പരായിട്ടുള്ളതും 2015 ആഗസ്റ്റ് 10-ാം തീയതിയിലെ 1862-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിലെ നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം കേരള സർക്കാർ, ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക

### I. ആകെ വേതനം

| *ക്രമ നമ്പർ* | *ജോലി* | *തുടക്കത്തിലുള്ള 8 മണിക്കൂറിൽ കുറഞ്ഞതും 5 മണിക്കൂർവരെ ഉള്ളതുമായ ജോലിക്ക്* | | *ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്)* | *പ്രതിമാസ വേതനം (₹)* |
|---|---|---|---|---|---|
| | | *1 മണിക്കൂർ ജോലിക്ക്* | *തുടർന്നുള്ള ഓരോ മണിക്കൂർ ജോലിക്ക്* | | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | തുണി അലക്കൽ | 37.50 | 22.50 | 195 | 5,070 |
| 2 | പാത്രം കഴുകൽ | 37.50 | 22.50 | 195 | 5.070 |
| 3 | വീട് തൂത്തുവാരുക, അടിച്ച് വൃത്തിയാക്കുക, പരിസരം തൂക്കുക, നിലം തുടയ്ക്കുക, വീടും പരിസരവും വൃത്തിയാക്കുക | 37.50 | 22.50 | 195 | 5,070 |
| 4 | ഭക്ഷണത്തിനുള്ള പലവ്യഞ്ജനങ്ങളും പച്ചക്കറികളും പാത്രങ്ങളും ഉപകരണങ്ങളും മറ്റും വാങ്ങി കൊണ്ടുവരിക | 37.50 | 22.50 | 195 | 5,070 |
| 5 | ഭക്ഷണം പാകം ചെയ്യുന്നതിന് സഹായിക്കുക | 37.50 | 22.50 | 195 | 5,070 |



| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 6 | ക്രമനമ്പർ 1 മുതൽ 5 വരെയുള്ള എല്ലാമോ ഒന്നിൽ കൂടുതലോ ജോലി ചെയ്യുന്നതിന് | 37.50 | 22.50 | 195 | 5,070 |
| 7 | കുട്ടികളെ പരിപാലിക്കുക, വിദ്യാലയത്തിൽ കൊണ്ടു പോകുകയും തിരികെ കൊണ്ടുവരികയും ചെയ്യുക | 38.25 | 23.25 | 201 | 5,226 |
| 8 | പ്രായം ചെന്നവരെയും രോഗികളെയും ഭിന്ന ശേഷിയുള്ളവരെയും പരിപാലിക്കുക | 38.25 | 23.25 | 201 | 5,226 |
| 9 | ക്രമനമ്പർ 7-ലെയും 8-ലെയും ജോലികളും ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള എല്ലാമോ ഏതെങ്കിലുമോ ജോലികൾ ചെയ്യുന്നതിന് | 38.25 | 23.25 | 201 | 5,226 |
| 10 | ഭക്ഷണം പാകം ചെയ്യുക | 39.75 | 24.75 | 213 | 5,538 |
| 11 | വ്യക്തിയുടെയോ കുടുംബത്തിന്റെയോ താമസവുമായി ബന്ധപ്പെട്ട് വീട്ടിലും പരിസരത്തും മറ്റ് ജോലികൾ ചെയ്യുന്നതിന് | 37.50 | 22.50 | 195 | 5,070 |
| 12 | വീട്ടിൽ താമസിച്ച് ഗാർഹിക ജോലി ചെയ്യുന്നതിന് | .. | .. | 219 | 5.694 |
| 13 | വാഹന ഡ്രൈവർ | 40.50 | 25.50 | 219 | 5,694 |
| 14 | ഗാർഡനർ (തോട്ടക്കാരൻ) | 40.50 | 25.50 | 219 | 5,694 |
| 15 | ഹോം നേഴ്സ് (വിദ്യാഭ്യാസ യോഗ്യതയോ വിദഗ്ദ്ധ പരിശീലനമോ നേടിയവർ) | | | | |
| | (1) പകൽ സമയം | 40.50 | 25.50 | 219 | 5,694 |
| | (2) വീട്ടിൽ താമസിച്ച് | .. | .. | 225 | 5,850 |
| 16 | സെക്യൂരിറ്റി/വാച്ച്മാൻ, ഗാർഡൻ വർക്കർ (തോട്ടപ്പണിക്കാർ) | .. | .. | 213 | 5.538 |

**II. സൗജന്യ ഭക്ഷണം**

മേൽപ്പറഞ്ഞ വേതനത്തിനുപുറമേ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ജോലി ചെയ്യുന്നവർക്ക് ഒരു നേരത്തെ ഭക്ഷണവും ദിവസം നാല് മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് രണ്ട് നേരത്തെ ഭക്ഷണവും ജോലി ചെയ്യുന്ന വീട്ടിൽ താമസിക്കുന്നവർക്ക് മൂന്ന് നേരത്തെ ഭക്ഷണവും സൗജന്യമായി ഗൃഹനാഥ/ഗൃഹനാഥൻ നൽകേണ്ടതാണ്.

**III. ക്ഷാമബത്ത**

മുകളിൽ സൂചിപ്പിച്ച അടിസ്ഥാന വേതനത്തിനു പുറമെ സംസ്ഥാനത്തെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വില സൂചികയുടെ എല്ലാ സെന്ററുകളിലേക്കും ചേർന്നുള്ള സംസ്ഥാന ശരാശരിയിൽ 220 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ അഞ്ച് പോയിന്റിനും അപ്രകാരം വർദ്ധനവ് വന്ന മാസത്തിന്റെ 1-ാം തീയതി മുതൽ അടിസ്ഥാന വേതനത്തിന്റെ അഞ്ച് ശതമാനം വീതം ക്ഷാമബത്തയായി നൽകേണ്ടതാണ്.

**IV.** നാലിൽ കൂടുതൽ പ്രായപൂർത്തിയായവർ തുടർച്ചയായി ഒന്നിച്ചു താമസിക്കുന്ന വീടുകളിലെ ജോലികൾ ഒരു തൊഴിലാളി മാത്രമാണ് ചെയ്യുന്നതെങ്കിൽ അധികമായി താമസിക്കുന്ന ഓരോ ആൾക്കുവേണ്ടിയും നിശ്ചയിക്കപ്പെട്ട വേതനത്തിന്റെ അഞ്ച് ശതമാനം വീതം പരമാവധി 15 ശതമാനം തുക തൊഴിലാളിക്ക് അധികമായി വേതനം നൽകേണ്ടതാണ്.

**V.** ഒരു ദിവസം ഒരു വീട്ടിൽ ഒരു ഗൃഹനാഥയുടെ/ഗൃഹനാഥന്റെ കീഴിൽ തുടർച്ചയായി 5 മണിക്കൂറിൽ കൂടുതൽ സമയം ജോലി ചെയ്യുന്ന തൊഴിലാളിക്ക് ആ വിഭാഗത്തിന് ഒരു ദിവസത്തെ ജോലിക്ക് പട്ടിക പ്രകാരം (8 മണിക്കൂർ ജോലിക്ക്) നിശ്ചയിച്ച വേതനം നൽകേണ്ടതാണ്.

**VI.** ഒരു ദിവസം ഒരു മണിക്കൂറിൽ കൂടുതലും 8 മണിക്കൂറിൽ കുറവും ജോലി ചെയ്യുന്നവർക്ക് ഒരു മണിക്കൂറിന് നിശ്ചയിച്ച വേതന നിരക്കിന്റെ ആനുപാതികമായി, പരമാവധി 8 മണിക്കൂർ ജോലിയുടെ വേതനം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ജോലി ചെയ്ത് പൂർത്തിയാക്കിയ സമയത്തിന് മുഴുവനായും വേതനം നൽകേണ്ടതാണ്.

**VII.** ഒരു വീട്ടിൽ ഒരു ഗൃഹനാഥയുടെ/ഗൃഹനാഥന്റെ കീഴിൽ തന്നെ തുടർച്ചയായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആറുദിവസം തുടർച്ചയായി ജോലി ചെയ്താൽ ഒരു ഒഴിവ് ദിവസം അനുവദിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കപ്പെട്ട ഒഴിവ് ദിവസം പ്രസ്തുത തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിച്ചാൽ ഓവർടൈം നിരക്കിൽ വേതനം നൽകേണ്ടതാണ്



**VIII.** 18 വയസ്സിൽ താഴെ പ്രായമുള്ളവരെ ജോലിക്ക് നിയോഗിക്കുവാൻ പാടുള്ളതല്ല.

**IX.** സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന സ്ഥലത്തുള്ള സുരക്ഷിതത്വം ഗൃഹനാഥ/ഗൃഹനാഥൻ ഉറപ്പുവരുത്തേണ്ടതാണ്.

**X. ഉയർന്ന വേതനത്തിന് സംരക്ഷണം**

പട്ടികയിൽ നിശ്ചയിച്ചതിനേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളി/തൊഴിലാളികൾക്ക് ലഭിച്ചുവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനം തന്നെ തുടർന്നും ലഭിക്കുന്നതിന് അവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും കുറഞ്ഞ വേതന നിരക്ക് 2010 മാർച്ച് 11-ാം തീയതിയിലെ 576-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 252/2010 ആയി പ്രസിദ്ധീകരിച്ച 2010 മാർച്ച് 9-ാം തീയതിയിലെ സ.ഉ. (കൈ.) 32/2010/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു.

2015 ജൂലൈ 30-ാം തീയതിയിലെ 11885/ഇ1/2014/തൊഴിൽ നമ്പരായി 2015 ആഗസ്റ്റ് 10-ാം തീയതിയിലെ 1862-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും പ്രസ്തുത തൊഴിൽ മേഖലയിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.